LIBRARY ARCHIVES Kerala Legislative Assembly

കിഫ്ബി വഴി നടപ്പിലാക്കുന്ന തീരദേശ ഹൈവേ പദ്ധതി

21(284) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കിഫ്ബി വഴി നടപ്പിലാക്കുന്ന തീരദേശ ഹൈവേ പദ്ധതിയുടെ പ്രവർത്തനങ്ങൾ മന്ദഗതിയിലാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ അതിന് കാരണങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

തീരദേശ ഹൈവേ പദ്ധതിയുടെ പ്രവർത്തനങ്ങൾ ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു. തീരദേശ ഹൈവേ ഒരു ബൃഹത് പദ്ധതിയായതിനാൽ, തികച്ചും 'ഡിസൈൻഡ് റോഡുകൾ' ആയിട്ടാണ് നടപ്പിലാക്കാൻ ശ്രമിക്കുന്നത്. ഇതുകൂടാതെ മത്സ്യബന്ധനം, ടൂറിസം, മറ്റ് തീരദേശാനുബന്ധ വ്യവസായങ്ങൾ എന്നിവയ്ക്കും മുതൽക്കൂട്ടാകുന്ന രീതിയിലാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. തീരദേശ ഹൈവേയുടെ നീളം ഏകദേശം 655 കിലോമീറ്ററാണ്. 6500 കോടിയുടെ ഭരണാനുമതി ഇതിനായി ലഭിച്ചിട്ടുണ്ട്. നിലവിൽ നടന്നുവരുന്ന പ്രവൃത്തികൾ, 6500 കോടിയുടെ ഭരണാനുമതി ഉള്ളതിൽ 645 കോടിയുടെ പദ്ധതികൾ KIIFB അംഗീകരിച്ചിട്ടുണ്ട്. ഇതിൽ 32.7 കിലോമീറ്ററിന്റെ റോഡുകളും രണ്ട് പാലങ്ങളുംകൂടാതെ 21.6 കിലോമീറ്ററിന്റെ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികളും ഉൾപ്പെടുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതുകാരണം അനിവാര്യമായ പുനരധിവാസ പ്രവൃത്തികൾ നടപ്പിലാക്കുന്നതിലേയ്ക്കായി കേരള തീരദേശ വികസന കോർപ്പറേഷനെ (KSCADC) SPV ആയി നിയമിക്കാനുള്ള പ്രവൃത്തികൾ നടന്നുവരുന്നു. ഏകദേശം 260 കിലോമീറ്റർ റോഡിന്റെ അലൈൻമെന്റ് രൂപരേഖ KIIFB മുഖാന്തരം തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ 90 കിലോമീറ്റർ റോഡിന്റെ വിശദപഠന റിപ്പോർട്ട് (DPR) തയ്യാറാക്കിവരുന്നു. എറണാകുളം തൃശ്ശൂർ ജില്ലകളിൽ വിശദപഠന റിപ്പോർട്ട് തയ്യാറാക്കാനുള്ള ടെണ്ടർ നടപടികൾ കേരള റോഡ് ഫണ്ട് ബോർഡ് (KRFB) നടത്തിവരുന്നു.

(ബി) തീരദേശ ഹൈവേ ആകെ എത്ര കിലോമീറ്ററാണെന്നും അതിൽ മുൻ സർക്കാരിന്റെ കാലയളവിൽ എത്ര കിലോമീറ്റർ റോഡിന്റെ പണി പൂർത്തിയാക്കിയെന്നും അറിയിക്കാമോ?

തീരദേശ ഹൈവേ 655 കിലോമീറ്റർ ആണ്. ഇതിൽ 18.8 കിലോമീറ്റർ റോഡിന്റെ പ്രവർത്തനങ്ങൾ കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ആരംഭിച്ചിട്ടുണ്ട്.

(സി) തീരദേശ ഹൈവേയിൽ കടലാക്രമണത്തെ ചെറുക്കുന്ന തരത്തിലുള്ള നിർമ്മാണപ്രവർത്തനങ്ങളാണോ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

തീരദേശ ഹൈവേ തീരത്തോട് സാമാന്യം അടുത്ത രീതിയിൽ കടന്നുപോകുന്ന സ്ഥലങ്ങളിൽ തീരദേശ സംരക്ഷണംകൂടി ഉൾപ്പെടുത്തിയാണ് തീരദേശ ഹൈവേയുടെ വിശദപഠന റിപ്പോർട്ട് തയ്യാറാക്കുന്നത്.

(ഡി) ഈ വർഷം ചുഴലിക്കാറ്റുമൂലമുണ്ടായ കനത്ത മഴയും കടലാക്രമണവും കിഫ്ബി വഴി നടപ്പിലാക്കുന്ന തീരദേശ നിർമ്മാണ പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ബാധിച്ചിട്ടുണ്ട്. തീരസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്ന കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം, കണ്ണൂർ ജില്ലയിലെ തലായ്, മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി, തൃശ്ശൂർ ജില്ലയിലെ ചേറ്റുവ എന്നിവിടങ്ങളിൽ ഗ്രോയിനുകൾക്ക് ചെറിയ നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. കൂടാതെ നിർമ്മാണസാമഗ്രികൾ കൊണ്ടുവരുന്ന റോഡുകൾക്ക് നാശം സംഭവിച്ചിട്ടുള്ളതിനാൽ നിലവിൽ പലയിടങ്ങളിലും നിർമ്മാണം തുടരുന്നതിന് തടസ്സമുണ്ട്. നിർമ്മാണപ്രവൃത്തികളുടെ ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. *

കൊടുവള്ളി നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

22(285) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ ഏതെല്ലാമാണെന്നറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(സി) ഇവയിൽ ഏതൊക്കെ പദ്ധതികൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കിയിട്ടുണ്ടെന്ന വിവരം അറിയിക്കുമോ;

(ഡി) പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച വിവരം ലഭ്യമാക്കുമോ?

(എ-ഡി) കൊടുവള്ളി നിയോജകമണ്ഡലത്തിൽ കിഫ്ബി വഴി അംഗീകാരം നൽകിയിട്ടുള്ള പ്രവൃത്തികളുടെ വിശദവിവരങ്ങൾ നിലവിലെ സ്ഥിതി സഹിതം അനുബന്ധമായി ചേർക്കുന്നു. *

കിഫ്ബി പദ്ധതി

23(286) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കിഫ്ബി പദ്ധതി നിലവിൽ വന്നത് എപ്പോഴാണെന്നും കിഫ്ബി ഫണ്ടിലേക്ക് പണം സമാഹരിക്കുന്നത് എങ്ങനെയാണെന്നും വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.